ഉത്തരം

(എ&ബി) ഉണ്ട്. 2012-13 അദ്ധ്യയന വർഷം മുതൽ സംസ്ഥാന സ്കൂൾ കലോൽസവത്തിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി 10,000 രൂപ വീതം ക്യാഷ് അവാർഡ് അനുവദിച്ചുവരുന്നു.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ 387 വിദ്യാർത്ഥികൾക്കും, 2014-15 സാമ്പത്തിക വർഷത്തിൽ 206 വിദ്യാർത്ഥികൾക്കും ഉൾപ്പെടെ ആകെ 593 വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് അനുവദിച്ചിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

ശ്രീമതി ഓമനയുടെ അപേക്ഷ

272 (969) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീമതി ഓമന, തടത്തിൽ, വയനാട് എന്ന വ്യക്തിയുടെ പട്ടിക സമുദായ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചത് എന്നാണ് ;

(ബി) ഇതിന്മേൽ അനുവദിച്ച തുകയും ജി.ഒ. നമ്പരും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക നാളിതുവരെയും ശ്രീമതി ഓമനയ്ക്ക് ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത തുക ടിയാൾക്ക് ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത തുക എന്നേക്ക് ലഭ്യമാക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 15-2-2013-ൽ.

(ബി) 10,000. സ.ഉ (സാധാ) നമ്പർ455/2013/പ.ജ.പ.വ.വി.വ. തീയതി 26-3-2013.

(സി) തുക നൽകിയിട്ടില്ല.

(ഡി) ശ്രീമതി ഓമന മകൾക്കുവേണ്ടിയാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചത്. മകളുടെ ജാതിസർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. അച്ഛൻ ഒ.ബി.സി. വിഭാഗത്തിലും അമ്മ ഹിന്ദു പുലയ സമുദായത്തിലുമാണ്.

(ഇ) മകളുടെ ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly